വിച്ചുകഴിഞ്ഞു. ബാക്കിയുള്ള വകുപ്പുകളിലെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്.

2 (294) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം

ശ്രീ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം പദ്ധതി അവസാനിക്കുമ്പോൾ ദേശീയ നിലവാരത്തിൽ എത്തുന്നതിന് എത്ര കോടി രൂപയുടെ മുതൽമുടക്കാണ് കേരളത്തിന് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 മാർച്ച് 31 വരെ പൊതു സ്വകാര്യമേഖലകളിലായി എത്ര കോടി രൂപയുടെ മുതൽമുടക്കാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) 1998-99 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷീച്ചതിനേക്കാൾ എത്ര കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ കേരളത്തിന്റെ റവന്യൂ കമ്മി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) കേരളത്തിന്റെ റവന്യൂകമ്മിയിലുണ്ടാകുന്ന അനിയന്ത്രിതമായ വർദ്ധന തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എഫ്) 1996-97, 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ ജനകീയാസൂത്രണത്തിനുവേണ്ടി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും അതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ജി) 1998-99 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കൽ എത്രയാണെന്നും അതിൽ എത്ര ചെലവായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒൻപതാം പദ്ധതിക്കാലത്ത് പ്രതിശീർഷ വരുമാനം ദേശീയ തലത്തിലുള്ളതിനോട് തുല്യമാകണമെങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ദേശീയ തലത്തിൽ ലക്ഷ്യമിട്ടിട്ടുള്ള 7 ശതമാനം വളർച്ചാ നിരക്ക് കവിഞ്ഞിരിക്കണമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ നേട്ടം കൈവരിക്കണമെങ്കിൽ പദ്ധതിക്കാലത്ത് ഏകദേശം 52,000 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകേണ്ടതാണെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 16,100 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതമായും 7000 കോടി രൂപ കേന്ദ്ര മുതൽമുടക്കായും 28,900 കോടി രൂപ സ്വകാര്യ മേഖലാ നിക്ഷേപമായും ഉണ്ടാകേണ്ടതാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) 1999 മാർച്ച് 31 വരെ 8149 കോടി രൂപയുടെ സംസ്ഥാന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിലെ മുതൽ മുടക്ക് കണക്കാക്കിയിട്ടില്ല.

(സി) അക്കൗണ്ടന്റ് ജനറലിൽനിന്ന് 1998-99-ലെ കണക്കുകൾ ലഭിച്ചിട്ടില്ല.

(ഡി) 1996-97 - 643.03 കോടി രൂപ

1997-98 - 1122.91 കോടി രൂപ

205/2010.

LIBRARY ARCHIVES Kerala Legislative Assembly

1998-99 - കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ചിട്ടില്ല.

(ഇ) പദ്ധതിയേതര ചെലവുകളിൽ കുറവ് വരുത്തുക, നികുതി നികുതിയിതര കുടിശ്ശിക പിരിവ് ഊർജ്ജിപ്പെടുത്തുക, നികുതിയിതര വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ വാഹനങ്ങളുടെ ഇന്ധന ചെലവ്, പുതിയ ടെലിഫോൺ കണക്ഷൻ, പുതിയ വാഹനം വാങ്ങൽ, യാത്രപ്പടി, അത്യാവശ്യമല്ലാത്ത തസ്തികകൾ സൃഷ്ടിക്കൽ എന്നിവയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വർഷം	വിഹിതം	ചെലവ്
	(രൂപ കോടിയിൽ)	
1996-97	1997-98 മുതൽ മാത്രമാണ് ജനകീയാസൂത്രണം നടപ്പിലാകുന്നത്	
1997-98	749.00	741.87
1998-99	950.00	946.73

(താല്ക്കാലിക കണക്ക്)

(ജി) പദ്ധതിയടങ്കൽ തുക 3100 കോടി രൂപയായിരുന്നു. പ്രസ്തുത വർഷം താല്ക്കാലിക കണക്കനുസരിച്ച് 3278.05 കോടി രൂപ ചെലവായിട്ടുണ്ട്.

3 (295) റവന്യൂ വരുമാനം

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)1998-99 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ റവന്യൂ വരുമാനം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളവും യാത്രപ്പടിയും ഇനത്തിൽ എത്ര കോടി രൂപ ചെലവായിട്ടുണ്ട്.;

(സി) സംസ്ഥാന പെൻഷൻകാർക്കുള്ള പെൻഷൻ ഇനത്തിൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ ചെലവായിട്ടുണ്ട്;

(ഡി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ എത്ര കോടി രൂപ ചെലവായിട്ടുണ്ട്;

(ഇ) പ്രസ്തുത വർഷത്തിലുണ്ടായ റവന്യൂ കമ്മി നികത്തുവാൻ സ്വീകരിച്ച മാർഗ്ഗം എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ),(ബി),(സി)&(ഡി) കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ചിട്ടില്ല.

(ഇ) റവന്യൂ കമ്മി പരമാവധി കുറയ്ക്കുന്നതിനുവേണ്ടി പദ്ധതിയേതര ചെലവുകൾ ചുരുക്കാനും നികുതി-നികുതിയേതര കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly